"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - പത്തനംതിട്ട ജില്ലയിലെ, അടൂർ, വയല എൻ.ഡിഎം യു.പി എസ് ലെ പാർട്ട്ടൈം എൽ.ജി സംസ്കൃതം തസ്തികയിലേയ്ക്കുള്ള ശ്രീമതി. ശർന.എസ് ന്റെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് പുനലൂർ കാത്തലിക് സ്കൂൾസ് കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച പുനഃപരിശോധനാ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.4171/2025/GEDN തീയതി,തിരുവനന്തപുരം, 24-06-2025

---

പരാമർശം:-
1. പുനലൂർ, കാത്തലിക് സ്കൂൾസ് കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച 04.01.2024-ലെ റിവിഷൻ ഹർജി.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 31.01.2025-ലെ എഫ്3/7350/2024/ഡി.ജി.ഇ നമ്പർ കത്ത്.
3. അടൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 21.02.2025-ലെ സി/1503/2022 നമ്പർ കത്ത്.

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിലെ, അടൂർ, വയല എൻ.ഡിഎം യു.പി.എസ് ലെ പാർട്ട്ടൈം എൽ.ജി സംസ്കൃതം തസ്തികയിലേയ്ക്കുള്ള (2022-23 വർഷത്തെ അധിക തസ്തിക) ശ്രീമതി. ശർന.എസ് ന്റെ നിയമനം അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് കോർപ്പറേറ്റ് മാനേജർ പരാമർശം (1) റിവിഷൻ ഹർജി സർക്കാരിലേക്ക് ലഭ്യമാക്കിയിരുന്നു.

2) സർക്കാർ പ്രസ്തുത വിഷയം ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലുള്ള ചട്ടങ്ങൾ, ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു. അടൂർ ഉപജില്ലാ വിദ്യാഭ്യാസ ആഫീസറുടെ പരിധിയിലുള്ള വയല എൻ.ഡി.എം.യു.പി.സ്കൂളിലെ എൽ.ജി (സംസ്കൃതം) അദ്ധ്യാപിക ശ്രീമതി.ശശിപ്രഭ 31.03.2020-ൽ വിരമിച്ച ഒഴിവിൽ ശ്രീമതി.ഷർന.എസ്-നെ 31.08.2021-ൽ പാർട്ട് ടൈം എൽ.ജി(സംസ്കൃതം) അധ്യാപികയായി മാനേജർ നിയമിച്ചു. വയല എൻ.ഡി.എം.യു.പി.സ്കൂൾ 2019-20 വർഷം മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളാണ്. കെ.ഇ.ആർ. അദ്ധ്യായം 23 ചട്ടം 6 പ്രകാരം യു.പി.വിഭാഗത്തിൽ സംസ്കൃതം ഭാഷാദ്ധ്യാപക തസ്തിക തുടരുന്നതിന് 05-മുതൽ 07-വരെ ക്ലാസ്സുകളിൽ കുറഞ്ഞത് 30 കുട്ടികളോ V-12, VI-06, VII-03 എന്നക്രമത്തിൽ 21 കുട്ടികളോ പ്രസ്തുത ഭാഷ പഠിക്കുന്നതിനുണ്ടാവണം. എന്നാൽ 2019-20 വർഷം ടി സ്കൂളിൽ V-12, VI-05, VII-12 കുട്ടികളാണ് സംസ്കൃതം പഠിക്കാനുണ്ടായിരുന്നത്. VI-ാ ം ക്ലാസ്സിൽ മിനിമം 06-കുട്ടികളില്ല. ആയതിനാൽ 2019-20 വർഷത്തെ തസ്ത്ിക നിർണ്ണയപ്രകാരം മുൻവർഷം നിലനിന്നിരുന്ന പാർട്ട്ടൈം എൽ.ജി (സംസ്കൃതം) തസ്തിക നിർത്തലാക്കിയിരുന്നു. 06.07.2021 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ. 3287/2021 പ്രകാരം 2019-20 വർഷത്തെ

തസ്തിക നിർണ്ണയം തന്നെ 2020-21, 2021-22 വർഷങ്ങളിലും തുടരാൻ നിർദ്ദേശം ലഭിച്ചിരുന്നു. ആയത് പ്രകാരം ശ്രീമതി. ഷർന എസ്-നെ മാനേജർ നിയമിച്ച തസ്തിക ലഭ്യമല്ലാത്തതിനാൽ ടി നിയമനം അടൂർ ഉപജില്ലാ വിദ്യാഭ്യാസ ആഫീസിൽ നിന്നും നിരസിച്ച് ഉത്തരവായിരുന്നു. ടി ഉത്തരവിനെതിരെ മാനേജർ പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് അപ്പീൽ സമർപ്പിക്കുകയും ഇതേ കാരണത്താൽ ത്തന്നെ അപ്പീലും നിരസിച്ച് ഉത്തരവാകുകയും ചെയ്തു. ഇതിനെതിരെ ഈ കാര്യാലയത്തിൽ റിവിഷൻ അപ്പീൽ സമർപ്പിക്കുകയും ആയത് നിരസിച്ച് ഉത്തരവാകുകയും ചെയ്തു. 2022-23 വർഷത്തിൽ വയല എൻ.ഡി.എം. യു.പി.സ്കൂൾ മതിയായ എണ്ണം കുട്ടികളുള്ള സ്കൂളായി മാറി. ഈ വർഷത്തെ തസ്തിക നിർണ്ണയപ്രകാരം ഒരു പാർട്ട് ടൈം സംസ്കൃതം അധിക തസ്തിക ശിപാർശ ചെയ്ത് നൽകിയിരുന്നു. ശ്രീമതി.ഷർന.എസ്. ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത് റിട്ട് ഹർജി (സിവിൽ) നമ്പർ:20979/2022-ന്മേൽ 30.09.2022-ൽ ഇടക്കാല ഉത്തരവ് ആയിട്ടുള്ളതും ഉത്തരവ് പ്രകാരം അടിയന്തരമായി 2022-23-ലെ അധിക തസ്തിക സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ച് ബഹു. ഹൈക്കോടതിയെ അറിയിക്കണമെന്ന് സർക്കാരിന് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. സർക്കാർ ഉത്തരവ്(കൈ) നമ്പർ.95/2023 പൊ. വി. വ. തീയതി 07.07.2023 പ്രകാരം പാർട്ട് ടൈം സംസ്കൃതം അധിക തസ്തിക 01.10.2022 തീയതി പ്രാബല്യത്തിൽ അനുവദിക്കുന്നതിനുള്ള അനുമതി സർക്കാരിൽനിന്നും ലഭിച്ചിട്ടുള്ളതും ആയത്പ്രകാരം അധിക തസ്തിക അനുവദിച്ച് തസ്തിക പുനർനിർണ്ണയിച്ച് നൽകുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്ന് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ വയല എൻ.ഡി.എം.യു.പി.സ്കൂളിലെ പാർട്ട് ടൈം സംസ്കൃതം അധിക തസ്തിക 01.10.2022 പ്രാബല്യത്തിൽ അനുവദിച്ച് തസ്തിക പുന: നിർണ്ണയിക്കുകയും ടി തസ്തികയിലേക്കുള്ള നിയമനം 07.07.2023 ലെ സർക്കാർ ഉത്തരവ്(കൈ) നമ്പർ.95/2023/പൊ.വി.വ. പ്രകാരവും കെ.ഇ.ആർ. അദ്ധ്യായം 21 ചട്ടം 7 (2)-ലെ വ്യവസ്ഥകൾക്കും വിധേയമായി മാത്രമേ നടത്താവൂ എന്ന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മാനേജർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ബഹു. ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ് നടപ്പിലാക്കിയിട്ടുള്ളതാണ്.

3) 2022-23 തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം അനുവദിച്ച (പാർട്ട് ടൈം എൽ.ജി സംസ്കൃതം) അധിക തസ്തികയിൽ കെ.ഇ.ആർ അദ്ധ്യായം 21 ചട്ടം 7 (2) പ്രകാരം മാനേജർ സംരക്ഷിത അധ്യാപകരെയാണ് നിയമിക്കേണ്ടത്. എന്നാൽ കെ.ഇ.ആർ അദ്ധ്യായം 21 ചട്ടം 7 (2) പ്രകാരം സംരക്ഷിത അധ്യാപകരെ നിയമിക്കാൻ വേണ്ടിയുള്ള സത്യപ്രസ്താവന മാനേജർ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല എന്ന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കെ.ഇ.ആർ അദ്ധ്യായം 21 ചട്ടം 7 (2) പ്രകാരം സംരക്ഷിത അധ്യാപകരെ നിയമക്കേണ്ട തസ്തികയിലേയ്ക്കാണ് മാനേജർ ഇപ്പോൾ ശ്രീമതി ഷർന. എസ് - നെ നിയമിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നത്. ആയതിനാൽ 2022-23 വർഷം അനുവദിച്ച അധിക തസ്തികയിൽ ശ്രീമതി. ശർന.എസ് ന്റെ നിയമനം അംഗീകരിക്കണം എന്ന ആവശ്യം പരിഗണനാർഹമല്ല ആയതിനാൽ മാനേജർ സമർപ്പിച്ച പരാമർശം (1) റിവിഷൻ ഹർജി നിരസിച്ചുക്കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASWATHY K
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, അടൂർ.
കോർപ്പറേറ്റ് മാനേജർ, കാത്തലിക് സ്കൂൾസ്, ബിഷപ്പ് ഹൗസ്, പുനലൂർ - 691305
പ്രധാനാധ്യാപകൻ എൻ.ഡി.എം യു.പി എസ്, വയല, അടൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Pradeep Kumar.**
**C. O**
**Date: 25-06-2025 10:10:36**

സെക്ഷൻ ഓഫീസർ